പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 91

31.10.2019- ൽ മറുപടിക്ക്

## ദേശീയപാതയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, ജോർജ് എം. തോമസ്<br>,, പി. ഉണ്ണി: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിൽ നിന്ന് വ്യത്യസ്തമായി ഈ സർക്കാർ അഴിമതിരഹിതമായും കാര്യക്ഷമതയോടെയും നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾക്ക് നിരന്തരം വിഘ്നം സൃഷ്ടിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിലുള്ള ചിലർ ഉൾപ്പെടെയുള്ളവരുടെ ഇടപെടലിന്റെ ഫലമായി മന്ദീഭവിച്ച കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുകയാണ്. പ്രസ്തുത പ്രവൃത്തിക്ക് **3425.096** ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ **1986.369** ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശം ഉണ്ട്. ബാക്കി **1438.737** ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ **659.557** ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും,**548.192** ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും,**302.163** ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത 66 ന്റെ 45 മീറ്ററിൽ വീതികൂട്ടൽ പ്രവൃത്തി **27** പാക്കേജുകളായി വിഭജിച്ചിരിക്കുന്നു. രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High-1,High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും, High-2 ഇനത്തിൽപെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ,3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരതുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ **02.05.2019** ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High-2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High-1 ലേക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ,മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 08.08.2019 ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അതിനുശേഷവും ദേശീയപാത വികസന പ്രവർത്തനം മുന്നോട്ട് പോകാത്ത അവസ്ഥയിലായിരുന്നു. എന്നാൽ 1-10-2019 ന് ബഹു. മുഖ്യമന്ത്രി വീണ്ടും ഡൽഹിയിൽ ബഹു. കേന്ദ്ര |

| | | | |
|---|---|---|---|
| | | | ഉപരിതല ഗതാഗത വകുപ്പമന്ത്രി ശ്രീ. നിധിൻ ഗഡ്കരിയെ കണ്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥതലത്തിൽ നിലനിന്നിരുന്ന തടസ്സങ്ങൾ നീക്കുന്നതിനു കഴിഞ്ഞതും അതുവഴി ധാരണാപത്രം ഒപ്പിടാൻ വഴി ഒരുങ്ങിയതും. ഇതനുസരിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 03.10.2019 ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം, കോഴിക്കോട് ജില്ലയിലെ പാലൊളി, മൂരാട് പാലങ്ങൾ എന്നിവ ടെണ്ടർ നടപടി സ്വീകരിച്ചതായി NHAI അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേശീയപാത അതോറിറ്റി ഈ വികസന പ്രവൃത്തിയെ ഉയർന്ന മുൻഗണനാപട്ടിക ഒന്നിൽ നിന്നും രണ്ടിലേക്ക് തരംതാഴ്ത്തിയത് പിൻവലിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ധാരണാപത്രം ഒപ്പുവച്ചതിനെത്തുടർന്ന് ദേശീയപാതാ അതോറിറ്റി ഈ വികസന പ്രവൃത്തിയെ ഉയർന്ന മുൻഗണന പട്ടിക ഒന്നിൽ നിന്ന് രണ്ടിലേയ്ക്ക് തരംതാഴ്ത്തിയത് പിൻവലിച്ചിട്ടുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് NHAI യുടെ ആവശ്യമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നും വില തഹസിൽദാർ (CALA) യെ നിയമിച്ചിട്ടുണ്ട്. ടെണ്ടർ നടപടി സ്വീകരിച്ച റീച്ചുകൾക്കു പുറമേയുള്ളവയുടെ സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്. |
| (ഡി) | പ്രളയത്തിൽ ദേശീയപാതയിൽ ഉണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കേണ്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് പുലർത്തുന്ന നിസ്സംഗത അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ടോ; വ്യക്ത മാക്കാമോ? | (ഡി) | പ്രളയത്തിൽ ദേശീയപാതയിൽ ഉണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾക്കായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപയുടെ കേന്ദ്ര ഫണ്ട് 2019-20 ഓർഡിനറി റിപ്പയറിങ്ങിനായി ലഭിച്ചിട്ടുണ്ട്. കൂടാതെ ഫ്ലഡ് ഡാമേജ് റിപ്പയറിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപയും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ NH 66 ൽ പല റീച്ചുകളിലും, ഉപരിതലം പുതുക്കിയതിന്റെ കാലാവധി അവസാനിച്ചിട്ട് നാലുവർഷത്തിൽ അധികമായെങ്കിലും നാലുവരിപ്പാത വികസനത്തിന്റെ പേരിൽ കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിക്കുന്നതിൽ തടസ്സം ഉന്നയിച്ചിരുന്നു. ഇതിന്റെ ഭാഗമായി NH 66 ൽ പൂർണ്ണമായ തോതിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താനായിട്ടില്ല. ചെറിയ തുകകൾ ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണികൾ കൊണ്ടു പരിഹരിക്കാവുന്നതിലപ്പുറമുള്ള കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| | | ഈ റീച്ചുകളിൽ ഫണ്ട് ഇപ്പോൾ അനുവദിച്ചതായി കാണുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി MORTH ന്റെ സാങ്കേതികാനുമതി ലഭിച്ചതിനു ശേഷം ടെണ്ടർ നടപടിയിലേക്കു പോകാനാവുകയുള്ളൂ. 5 കോടിക്കു മുകളിലുള്ള പ്രവൃത്തികൾ EPC മാതൃകയിൽ മാത്രമേ ചെയ്യാവൂയെന്ന MORTH ന്റെ ഉത്തരവിന്റെ ഭാഗമായി അതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകിരക്കാൻ ഏകദേശം 6 മാസം സമയം വേണ്ടിവരുന്നുണ്ട്.<br>ഇത്തരത്തിൽ ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സംസ്ഥാനസർക്കാർ ബഹു. മുഖ്യമന്ത്രി മുഖേനയും പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഖേനയും ഇടപെടലുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ